# ആവർത്തനം - അല്ലെങ്കിൽ ഓർമ്മിപ്പിക്കൽ?

## (25:1-12)

25-ാം അദ്ധ്യായം ആദ്യം വായിക്കുമ്പോൾ, നാം കോട്ടുവായിടാൻ ശ്രമിച്ചേക്കാം. മുൻപ് നാം അവയെല്ലാം കണ്ടതാണ്: വിസ്താരത്തിലായ പൗലൊസ്, ബലഹീനദേശാധിപതി, പ്രതികാരശീലമുള്ള ന്യായാധിപസംഘം, പൈശാചികമായ ഒരു ഗൂഢാലോചന. നിങ്ങൾ എങ്ങനെയാണെന്ന് എനിക്കറിയില്ല, പക്ഷേ പുനഃപ്രക്ഷേപണം[1] എനിക്ക് ഇഷ്ടമില്ല. ചില ആളുകൾ വായിച്ച പുസ്തകം വീണ്ടും വീണ്ടും വായി ക്കും, കണ്ട സിനിമയും ടിവി പരിപാടിയും വീണ്ടും കാണും, എന്നാൽ ഞാൻ അങ്ങനെ ചെയ്യാറില്ല.[2] എങ്ങനെയായാലും, ഞാൻ വായിക്കുമ്പോൾ പുനഃപ്രക്ഷേപണം വീക്ഷിക്കുമ്പോൾ, ആദ്യം ശ്രദ്ധിക്കാതിരുന്നതോ മറന്നതോ ആയ അമൂല്യമായ ചിലതുകാണും. 25-ാം അദ്ധ്യായം അതുപോലെയാണ്. "പഴയ പ്രതലം തന്നെ" എന്നു തോന്നിയാൽ പോലും അതിൽ തന്നെ വീക്ഷിച്ചാൽ, നിങ്ങൾക്കു പുതിയ ചിന്തകളും സത്യങ്ങളും കണ്ടെത്താൻ കഴിയും.

### വെറും ആവർത്തനം? (25:1-9)

**ഒരേ അഭിനേതാക്കൾ (വാക്യങ്ങൾ 1, 2)**

24-ാം അദ്ധ്യായത്തിൽ കഥ ആരംഭിച്ചതുപോലെയാണ് ഇവിടെയും തടുങ്ങുന്നത്. ഇതിൽ പങ്കെടുക്കന്നതിൽ പ്രധാനി ഒരു റോമാ നാടുവാഴിയാണ് - ഒരു വ്യത്യസ്ത മനുഷ്യൻ, എന്നാൽ ഒരു റോമൻ ദേശാധിപതിയാണ്. 24-ാം അദ്ധ്യായത്തിലെ അവസാനഭാഗം പറയുന്നതു, "ഫേലിക്സിനു പിൻവാഴിയായി പൊർക്ക്യൊസ് ഫെസ്തൊസ് വന്നു എന്നാണ്" (24:27). ഈ അദ്ധ്യായം തുടങ്ങുന്നതു, "ഫെസ്തൊസ് അതുകൊണ്ട്, സംസ്ഥാനത്തു വന്നിട്ട്, ... " (25:1).

ഫെസ്തൊസിനെക്കുറിച്ചു നമുക്ക് അധികമൊന്നും അറിയില്ല. അവൻ റോമയിലെ ഒരു ഉത്തമ കുടുംബാഗമായിരുന്നു എന്നു വ്യക്തം. ചരിത്രകാരനായിരുന്ന ജോസെഫെസ് അവനെപ്പറ്റി പറയുന്നതു ബുദ്ധിമാനും, നല്ലവനും, സമ്മതനും ആണെന്നാണ്. അവന്റെ മുൻഗാമിയേക്കാളും പിൻഗാമിയേക്കാളും അധികം നീതിമാനും മിതവാദിയും ആയിരുന്നു എന്നു നാം സമ്മതിക്കും.[3] കള്ളന്മാരെയും കുലപാതകികളെയും ദേശത്തുനിന്നു നീക്കം ചെയ്യുവാൻ അവൻ നല്ല പങ്കുവഹിച്ചിട്ടുണ്ട് എന്നും ജോസെഫസ് പറഞ്ഞിട്ടുണ്ട്. നിർഭാഗ്യവശാൽ, രണ്ടുവർഷത്തെ ഔദ്യോഗിക സേവനശേഷം അവൻ മരിച്ചുപോയി. ഫേലിക്സും ഫെസ്തൊസും ഏതു വിധത്തിലും ഒരു പോലെ ആയിരുന്നില്ല; എന്നാൽ പാലസ്തീനിലെ നാടുവഴികൾ ആയതുകൊണ്ട്, രണ്ടു പേർക്കും നാം കാണാൻ പോകുന്നതുപോലെ – യെഹൂദന്മാരെ രഞ്ജിപ്പിക്കുവാനായിരുന്നു ഇഷ്ടം.

ആരംഭത്തിൽ, നല്ലൊരു ദേശാധിപതി ആയിരിക്കുക എന്ന ഫെസ്തൊസിന്റെ തീരുമാനം നമുക്കിഷ്ടമാണ്. അവൻ സംസ്ഥാനത്തിൽ വന്നിട്ടു മൂന്നു ദിവസമേ ആയുള്ളു, അവൻ "... കൈസര്യയിൽ നിന്നാണ് യെരുശലേമിലേക്കു വന്നതു" (വാക്യം 1). ഉടനെ തന്നെ ഫെസ്തോസ് യെഹൂദപ്രമാണിമാരെ സന്ദർശിക്കാൻ അനവധി കാരണങ്ങൾ ഉണ്ട്: അവനു തന്റെ ആദരവു പ്രകടിപ്പിക്കേണ്ടതായിട്ടുണ്ട് (വാക്യം 13 നോക്കുക). അവനു അവരെ അറിയണം;[4] അവർക്ക്, അവനെയും. അവരുടെ ഏറ്റവും വലിയ ചിന്തകൾ എന്താണെന്ന് ചോദിച്ചറിഞ്ഞ് അതു പരിഹരിക്കാമെന്ന് അവർക്ക് ഉറപ്പുകൊടുക്കുകയും ചെയ്യണം. ഏറ്റവും പ്രധാനം, അവൻ യെഹൂദ്യയിലെ സാമുഹികവും രാഷ്ട്രീയവുമായ വെല്ലുവിളി തരണം ചെയ്യുമ്പോൾ: അവൻ അവരുടെ സഹകരണവും തേടി.

ഫെസ്തൊസ് യെരുശലേമിൽ എത്തിയപ്പോൾ, ഒരു ജാതിയെ അവൻ കണ്ടുമുട്ടി അവരെ പ്രവൃത്തികളുടെ പുസ്തകത്തിലെ വേദികളിലെല്ലാം കാണാം: "അപ്പോൾ മഹാപുരോഹിതന്മാരും[5] യെഹൂദന്മാരുടെ പ്രധാനികളും" (വാക്യം 2) – മറ്റൊരു വാക്കിൽ പറഞ്ഞാൽ, ന്യായാധിപസംഘം. കഴിഞ്ഞ വിചാരണക്കുശേഷം രണ്ടുവർഷം കഴിഞ്ഞതിനാൽ, ന്യായാധിപസംഘത്തിന്റെ അദ്ധ്യക്ഷൻ മാറി. അനന്യാസ്[6] മാറി പകരം ആളു വന്നു (23:2; 24:1), ഇപ്പോൾ മഹാപുരോഹിതൻ ഇസ്മായേൽ ആണ്.[7] എങ്ങനെയായാലും, അനന്യാസിനെ പോലെ തന്നെയായിരുന്നു ഇസ്മായേലും; അവനും, കൂടെ, ദയവില്ലാത്തവനും സ്വാർത്ഥ – അന്വേഷിയും ആയിരുന്നു.

സംസ്ഥാനത്തെ കാര്യങ്ങൾ യെഹൂദപ്രമാണിമാരുമായി സംസാരിപ്പാനിരുന്നപ്പോൾ, അവർ സാമ്പത്തിക ഉലച്ചിലിനെപ്പറ്റിയോ, വർദ്ധിച്ചു വരുന്ന ക്രൂര കൃത്യത്തെപ്പറ്റിയോ, അല്ലെങ്കിൽ റോമിന്റെ പരിഗണനയിലുള്ള അനീതിയെപ്പറ്റിയോ സംസാരിക്കുമെന്നാണ് ഫെസ്തൊസ് വിചാരിച്ചത്. പകരം, അവനെ അതിശയിപ്പിച്ചുകൊണ്ട്, അവരുടെ പരിപാടിയിലെ മുഖ്യ അജണ്ട പരിഹരിക്കാതിരിക്കുന്ന ഒരു കോടതികാര്യമാണ് – പ്രായമായ ഒരു കൂടാര – പ്പണിക്കാരന്റെ കേസ്. ഫേലിക്സ് അതു

ഒന്നും ചെയ്യാതെ കൈസര്യയിലെ ജയിലിൽ വിട്ടിട്ടു പോയി (24:27)! "മഹാപുരോഹിതന്മാരും യെഹൂദന്മാരുടെ പ്രധാനികളും പൗലൊസിന്റെ നേരെ അവന്റെ സന്നിധിയിൽ അന്യായം ബോധിപ്പിച്ചു" (25:2).

എന്തു സംഭവിച്ചു എന്ന് പിന്നീട് ദേശാധിപതി പറഞ്ഞു: "ഞാൻ യെരുശലേമിൽ ചെന്നപ്പോൾ, യെഹൂദന്മാരുടെ മഹാപുരോഹിതന്മാരും മൂപ്പന്മാരും എന്റെ അടുക്കൽ വന്നു അവന്റെ [പൗലൊസ്], നേരെ അന്യായം ബോധിപ്പിച്ചു[8] വിധിക്കു അപേക്ഷിച്ചു" (വാക്യം 15).[9] അവൻ പറഞ്ഞതു "... അവനെ ജീവനോടെ വെച്ചേക്കരുത് എന്നു യെഹൂദന്മാർ നിലവിളിച്ചു പറഞ്ഞു എന്നാണ്" (വാക്യം 24). ഒരുപക്ഷെ പൗലൊസിനെ അവർക്കു ഏല്പിച്ചു കൊടുപ്പാൻ യെഹൂദന്മാർ ആവശ്യപ്പെട്ടിരിക്കാം.[10] ഫെസ്തൊസിനോടു അവർ പറയുന്നതു എനിക്കു ഊഹിക്കാം, "ഫേലിക്സ് ആ കുഴപ്പക്കാരനെ ഞങ്ങൾക്കു വിട്ടു തരികയാണ് വേണ്ടിയിരുന്നത്, എന്നാൽ സൂത്രശാലിയായ ആ രാഷ്ട്രീയക്കാരൻ നീതിയെക്കുറിച്ചു ഒന്നും അറിഞ്ഞില്ല!"

വിചാരണ കൂടാതെ പൗലൊസിനെ ഫെസ്തൊസ് കുറ്റം വിധിക്കണമെന്നാണ് അവർ ആഗ്രഹിച്ചത്, എന്നാൽ "പ്രതിവാദികളെ അഭിമുഖമായി കണ്ടു അന്യായത്തെക്കുറിച്ചു പ്രതിവാദിപ്പാൻ ഇടകിട്ടും മുമ്പെ, യാതൊരു മനുഷ്യനെയും ഏല്പിച്ചു കൊടുക്കുന്നതു റോമർക്കു മര്യാദയല്ല എന്നു ഞാൻ അവരോടു ഉത്തരം പറഞ്ഞു" (വാക്യം 16). തടവിലാക്കപ്പെട്ട മനുഷ്യൻ ചെയ്തതു എത്ര ക്രൂരകൃത്യമായാലും, റോമൻ നിയമം പറയുന്നത് അവനു ഒരു നല്ല വിചാരണക്കുള്ള അവകാശം ഉണ്ട് എന്നാണ്!

**അതേ ഗൂഢാലോചന (വാക്യങ്ങൾ 2-5)**

നീതിബോധമുള്ള ഒരു റോമാക്കാരനോടാണല്ലൊ ഞങ്ങൾ ഇടപെടുന്നത് എന്ന ഒരു ആശങ്ക ന്യായാധിപസംഘത്തിന് ഉണ്ടായിക്കാണും. എങ്ങനെയായാലും, അവർക്ക് രണ്ടാമത്തെ പദ്ധതി തയ്യാറായിട്ടുണ്ട്. ആ വിചാരണ ദേശാധിപതി യെരുശലേമിൽ നടത്തുകയാണെങ്കിൽ അവർ സമ്മതിക്കും. അവർ "അവനെ യെരുശലേമിലേക്കു വരുത്തേണ്ടതിനു, അവർ പൗലൊസിനു പ്രതികൂലമായി, സൗജന്യത്തിന്, അവനെ നിർബ്ബന്ധിച്ചു" (വാക്യങ്ങൾ 2, 3). നല്ലൊരു ആവശ്യമാണെന്നു തോന്നും. കേസ് ദേശാധിപതിക്ക് വേണമെങ്കിൽ കൈസര്യയിലോ അല്ലെങ്കിൽ യെരുശലേമിലോ നടത്താം (യോഹന്നാൻ 19:13 നോക്കുക), പിന്നെ എന്തുകൊണ്ട് യെരുശലേമിൽ ആയിക്കൂടാ?

"കൺസെഷൻ" എന്ന വാക്ക് ശ്രദ്ധിക്കുക. "കൺസെഷൻ" എന്നത് ഗ്രീക്കു തർജ്ജിമ ചെയ്തു മിക്ക തർജ്ജിമക്കാരും എടുത്തിരിക്കുന്നതു "ഫേവർ" എന്നാണ്.[11] കിസ്റ്റെമേക്കർ പറഞ്ഞതു "ഏക വചനത്തിൽ ... , *ഫേവർ* എന്നതാണ് ഒരു *ക്വിഡ് പ്രോ കോ* (എന്തിനെങ്കിലും വേണ്ടി എന്തെങ്കിലും) പകരം."[12] യെഹൂദന്മാർ ഇതു അന്തിമാവശ്യമായി ദേശാധിപതിയോടു അപേക്ഷിച്ചതാണ്: "നിങ്ങളെ ഞങ്ങൾ സഹായിക്കണമെന്നുണ്ടെങ്കിൽ, ആദ്യം ഞങ്ങൾക്കു പൗലൊസിനെ വിട്ടു തന്നു. ഞങ്ങളെ സഹായിക്കുക!"[13]

യെഹൂദന്മാരുടെ ആവശ്യത്തിന്റെ മുകളിൽ, നീതിയും അടിയിൽ, അനീതിയുടെ ഗൂഢാലോചനയുമായിരുന്നു - കാരണം "... അവർ [പൗലൊസിനെ] വഴിയിൽ കൊല്ലുവാൻ ഒരു ഗൂഢപദ്ധതി ഒരുക്കുകയായിരുന്നു" (വാക്യം 3). മറ്റൊരു പുനഃപ്രക്ഷേപണം! രണ്ടു വർഷം മുൻപ്, ന്യായാ ധിപസംഘത്തിലെ പ്രമാണിമാർ റോമൻ സഹസ്രാധിപനോടു പൗലൊസിനെ വിട്ടുതരുവാൻ അപേക്ഷിച്ചിരുന്നു, അവരുടെ സഹ - ഗൂഢാലോചക്കാരുമായി ചേർന്നു കാവൽ പടയാളിയെ മറികടന്നു അപ്പൊസ്തലനെ കൊല്ലുവാൻ അവർ ആലോചിച്ചിരുന്നു (23:12-15). ഈ സമയത്ത്, ആയുധധാരികളെ[14] യെഹൂദ്യയിലെ മലയിൽ ഒളിച്ചിരുന്ന് പൗലൊസിനെയും അവന്റെ അകമ്പടിയെയും[15] യെരുശലേം അടുക്കുമ്പോൾ കൊല്ലുവാനായിരുന്നു പദ്ധതി.

കാലത്തിനു ഹൃദയത്തിലെ കയ്പ്പ് മായ്ക്കുവാൻ കഴിയും, എന്നാൽ ഹൃദയത്തിന്റെ ഉടമസ്ഥൻ തന്റെ ഉള്ളിലെ കോപം മാറ്റണം (എഫെസ്യർ 4:31). യെഹൂദപ്രമാണിമാർ അവരുടെ വെറുപ്പുമാറ്റാതെ സൂക്ഷിച്ചിരുന്നു, അതു മുമ്പത്തേക്കാളും ഉയരുകയാണുണ്ടായത് (എബ്രായർ 12:15)![16]

കൊല്ലുവാനുള്ള യെഹൂദന്മാരുടെ ഗൂഢാലോചനയെക്കുറിച്ചു ഒരു പക്ഷേ ഫെസ്തൊസ് അറിഞ്ഞിരിക്കയില്ല,[17] പക്ഷെ ഇതു കണ്ടപ്പോൾ ഒരു ശക്തമായ കളി അവൻ മനസ്സിലാക്കി.[18]

> അതിനു ഫെസ്തൊസ്, പൗലൊസിനെ കൈസര്യയിൽ സൂക്ഷിച്ചിരിക്കുന്നു. "അതുകൊണ്ട്," അവൻ പറഞ്ഞു, "ഞാൻ വേഗം അവിടേക്കു പോകുന്നുണ്ട്, നിങ്ങളിൽ പ്രാപ്തിയുള്ളവർ കൂടെ വന്നു, ആ മനുഷ്യന്റെ നേരെ അന്യായം ഉണ്ടെങ്കിൽ ബോധിപ്പിക്കട്ടെ, എന്നു ഉത്തരം പറഞ്ഞു" (വാക്യങ്ങൾ 4, 5).

ഫെസ്തൊസ് പറഞ്ഞതു, "നിങ്ങൾക്കുള്ള ആനുകൂല്യമെന്ന നില യിൽ, ഞാൻ ഈ കേസ് വീണ്ടും - എടുക്കാം, എന്നാൽ ഞാൻ ഒരു ദേശാധിപതി ആണെന്ന കാര്യം മറക്കരുത്. നിങ്ങളുടെ പദ്ധതിയല്ല, നിങ്ങൾ എന്റെ പദ്ധതിയുമായി യോജിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു!"

ഒരിക്കൽക്കൂടെ ദൈവത്തിന്റെ കരുതൽ പ്രദർശിപ്പിച്ചിരിക്കുന്നു (സദൃശവാക്യങ്ങൾ 21:1), പൗലൊസിനെ യെരുശലേമിലേക്കു കൊണ്ടുപോകുവാൻ ഫെസ്തൊസ് അനുവദിച്ചിരുന്നെങ്കിൽ, അപ്പൊസ്തലന്റെ ജീവൻ കണ്ടു കെട്ടുമായിരുന്നു. ജോൺ വെസ്ലി പറഞ്ഞു, "ഏതു അദൃശ്യമായ ശൃംഖലയാലാണ് ദൈവം ലോകത്തെ ഭരിക്കുന്നതു! ഫെസ്തൊസ് സാമ്രാജ്യ നേട്ടങ്ങളുടെ സുരക്ഷവരുത്തിയത് പൗലൊസിന്റെ ജീവന്നു സുരക്ഷയായിത്തീർന്നു."[19]

**അതേ കോടതി വ്യവഹാരം (വാക്യങ്ങൾ 6, 7)**

ഫെസ്തൊസിന്റെ പ്രതികൂല - വാഗ്ദാനം മടിയോടു കൂടിയാണെങ്കിലും യെഹൂദ പ്രമാണിമാർ സമ്മതിച്ച ശേഷം, ദേശാധിപതി പെട്ടെന്ന് യെരുശലേം സന്ദർശനത്തിനു പോയി. പിന്നെ, "അവൻ ഏകദേശം എട്ടു പത്തു ദിവസം[20] അവരുടെ ഇടയിൽ താമസിച്ചശേഷം, കൈസര്യക്കു

മടങ്ങിപ്പോയി പിറ്റേന്നു ന്യായാസനത്തിലിരുന്നു പൗലൊസിനെ വരുത്തുവാൻ കല്പിച്ചു" (വാക്യം 6), യെഹൂദപ്രമാണിമാർ അവനോടൊപ്പം സഞ്ചരിച്ചിരുന്നു (വാക്യം 5).

താൻ യെഹൂദന്മാരോടു സഹകരിക്കുന്നു എന്നു അവർക്കു ബോധ്യമാകുവാൻ, ഫെസ്തൊസ് സമയം ഒന്നും പാഴാക്കാതെ "പിറ്റേന്നു ന്യായാസനത്തിൽ ഇരുന്നു ... " (വാക്യം 6).[21] അവൻ കാര്യത്തെ ഫലപ്രദമായും ഖണ്ഡിതമായും തീർക്കുവാൻ ഉറച്ചിരിക്കുന്നതായി ബോധ്യപ്പെടുത്തി. അവൻ പിന്നീട് പറഞ്ഞു, "ആകയാൽ [യെഹൂദന്മാർ] അവർ ഇവിടെ വന്നു കൂടിയാറെ, ഒട്ടു താമസിയാതെ പിറ്റേന്നു തന്നെ ന്യായാസനത്തിൽ ഇരുന്നു, ആ പുരുഷനെ കൊണ്ടുവരുവാൻ കല്പിച്ചു" (വാക്യം 17).

പൗലൊസിനെ കൊണ്ടു പോകാൻ പടയാളികൾ വന്നപ്പോൾ, പൗലൊസ് അതിശയിച്ചുകാണും, ഞെട്ടിക്കാണാനും സാധ്യതയുണ്ട്. കാരണം മുമ്പിലത്തെ ദേശാധിപതി വിചാരണ കഴിച്ചു നിരപരാധി എന്നു കണ്ടെത്തിയതാണ് (24:26). വീണ്ടും ഒരു വിസ്താരം പുനഃപ്രക്ഷേപണം തനിക്ക് ആവശ്യമില്ലാത്തതാണ്!

പൗലൊസ് വന്നപ്പോൾ, യെഹൂദപ്രമാണിമാരോടു അവരുടെ വാദത്തിനു അനുവാദം കൊടുത്തു. ഈ സമയത്തു മൃദു - ഭാഷിയായ വ്യവഹാരജ്ഞൻ ആയിരുന്നില്ല അവരെ പ്രതിനിധീകരിച്ചത്.[22] മറിച്ച്, അവർ എല്ലാവരും "... [പൗലൊസിനു] ചുറ്റും നിന്നു, അവന്റെ നേരെ കഠിന കുറ്റം പലതും ബോധിപ്പിച്ചു" (25:7). ആ കുറ്റാരോപണങ്ങൾ ഫെസ്തൊസിനു പുതുതായിരിക്കാം, എന്നാൽ അവയെല്ലാം 21 ഉം 24 ഉം[23] അദ്ധ്യായങ്ങളിൽ ഉന്നയിച്ചതാണ് അല്പവ്യത്യാസം ഉള്ളത്: രാഷ്ട്രീയ കോട്ടം.[24] എന്നിരുന്നാലും, അവരുടെ ആരോപണങ്ങൾ - പരിശോധിച്ചിട്ടും "അവർക്കു തെളിയിക്കാൻ കഴിയാതെ" കുറ്റങ്ങളായി തന്നെ അവശേ ഷിച്ചു (25:7; 24:13 ഉം നോക്കുക).

രംഗം, ഞാൻ നോക്കിയപ്പോൾ, പരിഭ്രാന്തിയിലായി, കുഴപ്പത്തിലായിട്ടാണ് കണ്ടത്. കോടതി വ്യവഹാരജ്ഞർ തങ്ങളുടെ ഊഴം വരുന്നതു വരെ ഇരിക്കണമായിരുന്നു (വാക്യം 18). ശരിയായ നടപടി ഒരു സമയത്ത്, ഒരാൾ സംസാരിക്കുക എന്നായിരുന്നു. പകരം, യെരുശലേമിൽ നിന്നുള്ള പ്രമാണിമാരെല്ലാം പൗലൊസിന്റെ ചുറ്റും നിന്നു (വാക്യം 7), അവരുടെ വെറുപ്പ് പ്രകടിപ്പിച്ചു. അതേ സമയം, കൈസര്യയിൽ നിന്നുള്ള പ്രാദേശിക യെഹൂദന്മാർ സദസ്സിൽ നിന്നു "പൗലൊസ് ജീവിച്ചിരിക്കരുത്" എന്നു നിലവിളിച്ചു (വാക്യം 24).

യെഹൂദന്മാർ പുറപ്പെടുവിച്ച ഉന്മാദാവസ്ഥയിൽ നിന്നു എന്തു നേട്ടമായിരുന്നു അവർ പ്രതീക്ഷിച്ചത്? തങ്ങൾ പൗലൊസിന്റെ മേൽ ചുമത്തുന്ന വഴിതെറ്റിക്കുന്ന കുറ്റപ്പെടുത്തൽ ഒന്നും ഫലപ്രദമാകുകയില്ല എന്നറിഞ്ഞു, അവർക്കു സമാധാനം ഉണ്ടാകാൻ ഒരു പുതിയ ദേശാധിപതിയെ അവർ ആശിച്ചുകാണും.

**അതേ അപേക്ഷ (വാക്യം 8)**

ഈ സമയത്ത്, ആ കേസ് പരിഹാരം കാണാതെ വിട്ട ഫേലിക്സിനെ ഫെസ്തൊസ് ശപിക്കുകയായിരുന്നേക്കാം! റോമാനീതി യെഹൂദജന

ത്തിൽ നടപ്പാക്കുക അത്ര എളുപ്പമല്ല എന്നു അവൻ മനസ്സിലാക്കി!

ക്രമസമാധാനം വരുത്തിയ ശേഷം, ദേശാധിപതി പൗലൊസിനെ സംസാരിക്കാൻ അനുവദിച്ചു. ഏതാനും വാക്കുകളിൽ ലൂക്കൊസ് പൗലൊസിന്റെ പ്രതിരോധം ഒതുക്കി: "യെഹൂദന്മാരുടെ ന്യായപ്രമാണത്തോടാകട്ടെ ദൈവാലയത്തോടാകട്ടെ കൈസരോടാകട്ടെ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല എന്നു പ്രതിവാദിച്ചു" (വാക്യം 8).[25] മറിച്ച്, ന്യായാധിപസംഘം വീണ്ടും പൗലൊസിൽ പാപകുറ്റം ചുമത്തി, ദൈവനിന്ദയുടേയും, രാജ്യ ദ്രോഹത്തിന്റെയും: പാപം – ചുമത്തി "യെഹൂദന്മാരുടെ ന്യായപ്രമാണം ലംഘിച്ചു"; "ദൈവാലയം" – തീണ്ടിച്ചു; ദൈവനിന്ദ ചെയ്തു റോമയിൽ ആളുകളെ ഇളക്കി – രാജ്യദ്രോഹ പാപം ചെയ്തു.

മൂന്നാമത്തെ കുറ്റവുമായി ബന്ധപ്പെട്ട്, എങ്ങനെയായാലും, ഒരു പുതിയ വാക്കു ഉപയോഗിച്ചു: "കൈസർ." പൗലൊസിന്റെ യെഹൂദ്യ വിചാരണയിൽ ഈ സാമ്രാജ്യ നാമം ഉയർന്നുവന്നില്ല, 8–ാം വാക്യത്തിൽ വന്നതു യാദൃശ്ചികമായി വന്നതുമല്ല. ലൂക്കൊസ് ഈ അദ്ധ്യായത്തിൽ റോമാ ചക്രവർത്തിയെ ഒമ്പതു പ്രാവശ്യം പരാമർശിക്കുന്നതിൽ: ആറു പ്രാവശ്യം "കൈസർ"[26] എന്നാണ് (വാക്യങ്ങൾ 8, 10, 11, 12, 21), രണ്ടു പ്രാവശ്യം "ചക്രവർത്തി"[27] എന്നാണ് (വാക്യങ്ങൾ 21, 25), ഒരിക്കൽ "തിരുമേനി"[28] എന്നും (വാക്യം 26). ചിന്ത പാലസ്തീനിൽ നിന്നു റോമയിലേക്കു ഉയർത്തി, താഴെക്കിടയിലുള്ള ആളിൽ നിന്നു ഏറ്റവും മുകളിലുള്ള ആളിലേക്കു ഉയർത്തി (27:24 നോക്കുക)!

മൂന്നു കുറ്റാരോപണത്തിലും "കുറ്റക്കാരനല്ല" എന്നതിനു പുറമെ, പൗലൊസ് വീണ്ടും പുനരുത്ഥാനത്തിലുള്ള തന്റെ വിശ്വാസത്തെയും "കുറ്റപ്പെടുത്തി" എന്നു വാദിച്ചു (24:20, 21 നോക്കുക), യേശു ജീവിക്കുന്നു എന്നു ധൈര്യത്തോടെയും അവൻ പ്രഖ്യാപിച്ചു (25:19)!

**അതേ രാഷ്ട്രീയം (വാക്യം 9)**

പൗലൊസ് പറഞ്ഞു കഴിഞ്ഞപ്പോൾ, ഫെസ്തൊസ് അമ്പരപ്പിലും ആശയക്കുഴപ്പത്തിലുമായി (വാക്യം 20) ഫേലിക്സിനെ പോലെ, ഫെസ്തൊസിനു ഇതിനെ സംബന്ധിച്ചു "കൂടുതൽ അറിവു ഉണ്ടായിരുന്നില്ല" (24:22). രണ്ടു വശവും കേട്ടു കഴിഞ്ഞപ്പോൾ, അവനു ഇതു മൗഢ്യമാണെന്നു തോന്നിയതായി പറയുന്നുണ്ട്:

> വാദികൾ അവന്റെ [പൗലൊസിനു] ചുറ്റും നിന്നു, ഞാൻ നിരൂപിച്ചിരുന്ന കുറ്റം ഒന്നും ബോധിപ്പിക്കാതെ സ്വന്തമതത്തെ കുറിച്ചും ജീവിച്ചിരിക്കുന്നു; എന്നു പൗലൊസ് പറയുന്ന, മരിച്ചുപോയ, യേശു എന്നൊരുവനെക്കുറിച്ചും, ചില തർക്കസംഗതികളെ കൊണ്ടുവന്നേയുള്ളു (25:18, 19).

ദേശാധിപതിക്കു രണ്ടു കാര്യം വളരെ വ്യക്തമായി: ഒന്ന്, പ്രശ്നം മതപരമാണ്, രാഷ്ട്രീയമായ ഒന്നല്ല. (ഗല്ലിയോൻ അത്തരം തീർപ്പിലെത്തിയപ്പോൾ, അവൻ കേസ് കോടതിക്കു പുറത്തു വിടുകയായിരുന്നു [18:14–16], ഫെസ്തൊസും അങ്ങനെ ചെയ്യണമായിരുന്നു.) രണ്ടാമത്,

പൗലൊസ് ഒരു ക്രൂര കുറ്റവാളി ആയിരുന്നില്ല. (ദേശാധിപതി പിന്നീട് സമ്മതിച്ചു, "അവൻ മരണയോഗ്യമായതു ഒന്നും ചെയ്തിട്ടില്ല എന്നു ഞാൻ ഗ്രഹിച്ചു" [25:25].) ആ രണ്ടു വസ്തുതകൾ മതിയായിരുന്നു അതു തീർക്കുവാൻ. ഫെസ്തൊസിനു തന്റെ ന്യായാസനത്തിൽ നിന്നു തന്നെ, "പ്രതിവാദിക്കയിൽ ഞാൻ ഒരു 'കുറ്റവും കാണുന്നില്ല' എന്ന് അതു പ്രഖ്യാപിക്കാമായിരുന്നു" – പക്ഷെ അവൻ അതു ചെയ്തില്ല.

ദേശാധിപതി പഴമൊഴി പാറക്കും പ്രയാസമേറിയ സ്ഥലത്തിനും ഇടയിലായി: റോമിനെ ഭയപ്പെട്ടതുകൊണ്ട് അവനു പൗലൊസിനെ കുറ്റക്കാരനായി കാണാൻ കഴിഞ്ഞില്ല,[29] യെഹൂദന്മാരെ ഭയപ്പെട്ടതുകൊണ്ട് പൗലൊസ് നിരപരാധി എന്നു പറയുവാനും ധൈര്യപ്പെട്ടില്ല. രണ്ടാഴ്ച്ചക്കുള്ളിൽ അവന്റെ പുതിയ നിയമനത്തിൽ, അവന്റെ തന്ത്രപരമായ ആശയം പൊളിഞ്ഞു. അവനു മുൻപും പിൻപും ഉണ്ടായിരുന്ന രാഷ്ട്രീയ നേതാക്കളെ പോലെ, ഇതും രാഷ്ട്രീയ ഹീതോപായത്തിൽ അവസാനിപ്പിച്ചു.

കഠിന – ഹൃദയരായ യെഹൂദപ്രമാണിമാർ ഭരണത്തെ നിലനിർത്തുന്നതിനും തകർക്കുന്നതിനും കഴിയുന്നവരായിരുന്നു, തനിക്കു തിരഞ്ഞെടുക്കാവുന്നതു ഫെസ്തൊസ് പരിഗണിച്ചു. അവന്റെ ചിന്താ നടപടികളെ ഊഹിക്കാൻ പ്രയാസമില്ല: "ഈ അസുഖകരമായ അവസ്ഥ സ്പർശിച്ചിരിക്കുന്നതു യെഹൂദമതത്തിന്റെ ഹൃദയങ്ങളിൽ ചോദ്യമുയർത്തിയിരിക്കയാണ്, അതുകൊണ്ട് ഇതു പരിഹരിക്കേണ്ടതു യെഹൂദമതത്തിന്റെ കേന്ദ്രമായ, യെരുശലേമിലാണ്. അതു ന്യായാധിപസംഘത്തെ സന്തോഷിപ്പിക്കും, അങ്ങനെ അവർ എന്റെ വശത്താകും. നേരെമറിച്ച്, തടവുകാരനു ഇതു അല്പം ഭയം ഉണ്ടാക്കും. അതുകൊണ്ട് ഞാനുണ്ട് എന്ന ഉറപ്പും അവനു നല്കും."

ഫെസ്തൊസ് പൗലൊസിന്റെ നേർക്കുതിരിഞ്ഞു: "യെരുശലേമിലേക്കു ചെന്നു അവിടെ എന്റെ മുമ്പിൽ വെച്ചു ഈ സംഗതികളെക്കുറിച്ചു വിസ്താരം നടപ്പാൻ നിനക്കു സമ്മതമുണ്ടോ?" (വാക്യം 9). "*എന്റെ* മുമ്പിൽ" എന്ന വാക്കുകൾ പൗലൊസിനോടു അവൻ ആനുകൂല്യം കാണിക്കുന്നു എന്നു തോന്നിപ്പിച്ചേക്കാം, എന്നാൽ പ്രസ്താവന അവന്നു ഗുണം ചെയ്യാൻ സാധ്യതയില്ല. നിർദ്ദേശം നിയമവിരുദ്ധവും, യുക്തിരഹിതവും, ദുരു – പദേഷ്ടവും ആയിരുന്നു: അതു നിയമ വിരുദ്ധമാകാൻ കാരണം രണ്ട് പ്രാവശ്യം പൗലൊസ് നിപരാധിയായി കാണപ്പെട്ടതാണ്.[30] യുക്തി രഹിതമാണ് കാരണം രണ്ടു വിചാരണയിലും ഒരു തീരുമാനത്തിൽ എത്തിയിരുന്നില്ല, പിന്നെ മൂന്നാമത്തെ വിചാരണയിൽ പ്രത്യേക ഫലം ഉണ്ടാകുമോ? അവസാനമായി, പൗലൊസിന്റെ കാഴ്ച്ചപ്പാടിൽ, ആ തീരുമാനം ദുരു – പദേഷ്ടമായിരുന്നു. കയ്യിൽ ഒതുക്കാവുന്ന യെഹൂദന്മാർക്ക് ഫേലിക്സിനെ ഭീഷണിപ്പെടുത്താമെങ്കിൽ, ആയിരക്കണക്കിനു യെഹൂദന്മാർ പൗലൊസിനെ കൊല്ലുവാൻ ചുറ്റും കൂടിയപ്പോൾ ഫെസ്തൊസിനെ എത്രയധികം ഭീഷണിപ്പെടുത്താം. കൂടാതെ, യെഹൂദന്മാരുടെ പൈശാചിക പ്രവൃത്തി എത്രത്തോളം പോകും എന്നു ആർക്ക് അറിയാം? അവരുടെ ഗൂഢാലോചനയാൽ പൗലൊസ് വളരെ കഷ്ടം സഹിച്ചു കഴിഞ്ഞു (9:24; 20:3; 23:14) പിന്നെ എങ്ങനെ വിശ്വസിക്കും.

ലൂക്കൊസ് പറഞ്ഞതു ഫെസ്തൊസ് ഈ നിർദ്ദേശം വെക്കാൻ കാരണം "*യെഹൂദന്മാരെ* പ്രീതിപ്പെടുത്താൻ" (വാക്യം 9; എംഫസിസ് മൈൻ). നമുക്കു മറ്റൊരു പുനഃപ്രക്ഷേപണം ഉണ്ട്: ഒരിക്കൽകൂടെ, ഒരു ബലഹീന ഉദ്യോഗസ്ഥാധിപത്യം പൗലൊസിനെ ഒരു രാഷ്ട്രീയ പണയ വസ്തുവാക്കി.

ഫെസ്തൊസ് പൗലൊസിനോട് "യെരുശലേമിൽ വിസ്താരത്തിനു *സമ്മതമുണ്ടോ*" എന്നു *ചോദിച്ച* വസ്തുത തെറ്റിദ്ധരിക്കരുത് (വാക്യം 9; എംഫസിസ് മൈൻ). "ഒരു ദേശാധിപതി തന്റെ തീരുമാനത്തിന്റെ സമാനാർത്ഥമായ വാക്കിൽ [ആയിരുന്നു]."[31] ദേശാധിപതി പൗലൊസിനു തിരഞ്ഞെടുക്കാൻ ഒരവസരം നല്കുകയായിരുന്നില്ല. അവൻ യെരുശലേമി*ലേക്കു* പോകും എന്നാണ് പറഞ്ഞത്.[32]

### അല്ല - ഒരു ഓർമ്മിപ്പിക്കൽ! (25:10-12)

ഈ സമയത്ത്, നമ്മുടെ കഥക്ക് ഒരു അട്ടിമറി സംഭവിക്കുന്നു. പുനഃപ്രക്ഷേപണത്തിനു പകരം, അതു ഒരു ഓർമ്മിക്കലാകുന്നു, ദൈവം എല്ലായ്പ്പോഴും "നീക്ക് പോക്ക്" ഒരുക്കും എന്ന വീണ്ടും ഉള്ള ഉറപ്പാണ് (1 കൊരിന്ത്യർ 10:13).

#### ദൈവം പൗലൊസിനെ സംരക്ഷിച്ചു

അവന്റെ ജീവൻ തുലാസ്സിൽ ആടികൊണ്ടിരുന്നു, പാലസ്തീനിലെ ഏറ്റവും ശക്തനായ മനുഷ്യനെയാണ് പൗലൊസ് നേരിട്ടത് (യോഹന്നാൻ 19:10 നോക്കുക) – പറഞ്ഞു, "അല്ല":

> ഞാൻ കൈസര്യയുടെ ന്യായാസനത്തിനു മുമ്പാകെ നില്ക്കുന്നു, അവിടെ എന്നെ വിസ്തരിക്കേണ്ടതാകുന്നു. യെഹൂദന്മാരോടു ഞാൻ ഒരു അന്യായവും ചെയ്തിട്ടില്ല, അതു നീയും നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. ഞാൻ അന്യായം ചെയ്തു, മരണ യോഗ്യമായതുവല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, മരണശിക്ഷ ഏല്ക്കേണ്ടതിനു എനിക്കു വിരോധമില്ല; ഇവർ എന്റെ നേരെ ബോധിപ്പിക്കുന്ന അന്യായം നേരല്ല എന്നു വരികിലോ, എന്നെ അവർക്കു ഏല്പിച്ചു കൊടുപ്പാൻ ആർക്കും കഴിയുന്നതല്ല (വാക്യങ്ങൾ 10, 11)

ഒരു റോമാ ദേശാധിപതിയും ഒരു റോമാ പൗരനും തമ്മിലുള്ള ഒരു ശക്തമായ വടംവലി ഈ വേദഭാഗത്തിൽ നാം കാണുന്നുണ്ട് – കൂടെ, ദൈവ സഹായത്താൽ, പൗരൻ വിജയിച്ചു. ലിവിങ്ങ് ബൈബിൾ ഇതിനെ സമാന്തര പ്രയോഗം നടത്തി ഇങ്ങനെ പറയുന്നു:

> അല്ല! ഞാൻ ആവശ്യപ്പെടുന്നതു ചക്രവർത്തി തിരുമനസ്സിലെ വിസ്താരമാണ്. ഞാൻ കുറ്റക്കാരനല്ല എന്നു നിനക്കു നന്നായി അറിയാമല്ലൊ. മരണയോഗ്യമായതു എന്തെങ്കിലും ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ, എനിക്കു മരിക്കാൻ മടിയില്ല! എന്നാൽ ഞാൻ നിരപരാധിയാണെങ്കിൽ, എന്നെ കൊല്ലുവാൻ ഇവരുടെ കയ്യിൽ ഏല്പി

ക്കാൻ നിനക്കോ മറ്റാർക്കെങ്കിലുമോ അവകാശമില്ല. *ഞാൻ കൈസരെ അഭയം ചൊല്ലുന്നു.* (ഊന്നൽ അവരുടെ.)

തനിക്കെതിരായി ഒരു കേസ് തെറ്റായി കൈകാര്യം ചെയ്യുന്നതുകണ്ടാൽ ഒരു റോമാ പൗരന് കൈസരോടു അപേക്ഷിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നു. ഈ അവകാശത്തിനു ചില ഒഴികഴിവുകൾ ഉണ്ടായിരുന്നു (ഉദാഹരണമായി കള്ളന്മാരെയും കുലപാതകികളെയും അതു ചെയ്യുമ്പോൾ പിടിക്കപ്പെട്ടാൽ), പക്ഷേ ഇതായിരുന്നു ഒരു റോമാപൗരന്റെ അടിസ്ഥാന അവകാശം.[33] ഒരു പൗരൻ, "*സീസെറേം അപ്പെല്ലോ*,"[34] എന്നു പറഞ്ഞാൽ ഉടനെ ന്യായാധിപന്റെ കയ്യിൽ നിന്നു ആ കേസ് പോയി എന്നർത്ഥം.

പൗലൊസ് കൈസരെ അഭയം ചൊല്ലിയപ്പോൾ, എ.ഡി. 54-ൽ സിംഹാസനാരൂഢനായ നീറോ ആയിരുന്നു ചക്രവർത്തി. നീറോയുടെ രക്തം ചൊരിച്ചിൽ ചരിത്രം അറിയാവുന്നവർ അതിശയിച്ചിരിക്കും, പൗലൊസ് എന്തിനാണ് തന്റെ ജീവൻ അവന്റെ കൈകളിൽ ഏല്പിച്ചത് എന്ന്, എങ്ങനെയായാലും, നീറോയുടെ ആദ്യ അഞ്ചുവർഷത്തെ (സെനേക്കയുടേയും[35] സ്വാധീനത്തിൽ കീഴിലുള്ള) വാഴ്ച്ച റോമാക്കാർക്കു "സുവർണ്ണ കാലം" ആയിരുന്നു എന്ന് ഓർമ്മിക്കുക. "എ.ഡി. 64 ലേയും 65 ലേയും സംഭവങ്ങളുടെ ചെറിയ മുന്നറിയിപ്പ് എ.ഡി. 59-ൽ നല്കിയിരുന്നു."[36]

തീർച്ചയായും ഫെസ്തൊസ് അത്ഭുതപ്പെട്ടു. റോമിനെ അഭയം തേടുവാൻ ഓരോ റോമാ പൗരനും അവകാശമുണ്ടെങ്കിലും, കുറെ പേർ മാത്രമെ ഇതു പ്രയോജനപ്പെടുത്താറുള്ളു കാരണം ലജ്ജയും അസൗകര്യവും ആണ്. പടയാളികളുടെ അകമ്പടിയോടെ തലസ്ഥാന നഗരിയിലേക്കു നീങ്ങുന്നതു ആരും ഇഷ്ടപ്പെടുകയില്ല. കൂടാതെ, യാത്രയുള്ള സമയവും അധികം പേർക്കും താങ്ങാവുന്നതിനപ്പുറമാണ്, പിന്നെ റോമിൽ ചെന്നു അവന്റെ കേസു വിളിക്കുന്നതിനുള്ള കാത്തു കിടപ്പ് (28:30 നോക്കുക).

വിഭ്രാന്തിയിലായ, ഫെസ്തൊസ് "... തന്റെ ആലോചന സഭയോടു അറിയിച്ചിട്ട്"[37] (25:12) എന്തു ചെയ്യാമെന്നു വിചാരിച്ചു. പൗലൊസിനു അതിനു പൂർണ്ണവകാശമുണ്ടെന്നു അവർ പറഞ്ഞുകാണും - കൂടെ, റോമാ പ്രതിനിധിയായ ദേശാധിപതിക്ക്, വേറെ വഴിയില്ലാതായി. ചുവന്ന - മുഖത്തോടെ, ഫെസ്തൊസ് തന്റെ പീഠത്തിലേക്കു മടങ്ങിവന്നു പുരാതന സിദ്ധാന്തത്തിൽ അവൻ പറഞ്ഞു: *സിസാരെം അപ്പെല്ലെസ്റ്റി; അഡ് സിസാരെം ഇബിസ്:* "കൈസരെ നീ അഭയം ചൊല്ലിയിരിക്കുന്നു, നീ കൈസരുടെ അടുക്കൽ പോകും" (വാക്യം 12).

ഫെസ്തൊസ് ഇതു പറഞ്ഞപ്പോൾ, അവനിൽ സമ്മിശ്രവികാരം ഉണർന്നിരിക്കും. അവൻ തന്റെ വൈദഗ്ധ്യത്തിൽ നിന്നു അപ്രതീക്ഷിതമായി തന്റെ അപേക്ഷ തള്ളി "ഒന്നുമല്ലാത്തവൻ" ആയിത്തീർന്നു. തന്റെ ഭരണത്തെ ബാധിക്കാത്ത വിധത്തിൽ ഇതെങ്ങനെ കൈകാര്യം ചെയ്യണമെന്നതിൽ അവൻ തികച്ചും പരിഭ്രാന്തിയിലായി. തന്റെ ഉത്തരവാദിത്വത്തിൽ നിന്നു; ആ കുഴപ്പക്കാരനും ഭാരമുള്ള കേസും ഒഴിവായതിൽ,

അവൻ ഒരുപക്ഷെ ആശ്വസിച്ചും കാണും!

ദേശാധിപതി "അവനെ [പൗലൊസ്] ചക്രവർത്തിതിരുമനസ്സിലെ വിധിക്കായി തന്നെ സൂക്ഷിക്കേണം" എന്നു അഭയം ചെയ്യുകയാൽ "കൈസരുടെ അടുക്കൽ അയക്കുവോളം" അവനെ സൂക്ഷിപ്പാൻ കല്പിച്ചു (വാക്യം 21). അവസാനം, പൗലൊസ് റോമയിലേക്കുള്ള തന്റെ യാത്രയിലായി!

പൗലൊസിന്റെ അപേക്ഷ പരിഗണിച്ചാൽ, പല ചോദ്യങ്ങളും നമ്മുടെ മനസ്സിലേക്കുവരും: പൗലൊസിനു കൈസരെ അഭയം ചൊല്ലുവാനുള്ള അവകാശം ഉള്ളപ്പോൾ, അവൻ അതു എന്തുകൊണ്ട് ആദ്യം ആവശ്യപ്പെട്ടില്ല (അതുകൊണ്ട് രണ്ടു വർഷം കൈസര്യയിൽ തടവിൽ കഴിയേണ്ടി വന്നു)? അവസാനം അവൻ തന്റെ അവകാശങ്ങൾക്കു ശഠിച്ചത് എന്തുകൊണ്ട്?

സ്പഷ്ടമായി, യെരുശലേമിലേക്കു മടങ്ങിപ്പോകണമെന്നു പറയുന്ന ആ നിമിഷം വരെ, റോമിലേക്കു പോകുവാൻ ഒന്നിലധികം വഴികൾ ഉണ്ടെന്നു പൗലൊസ് വിചാരിച്ചു കാണും. ഒരു വഴി കൈസരെ അഭയം ചൊല്ലുന്നതാണ്, പക്ഷേ അതു അവസാനത്തെ വഴിയാണ്.[38] പൗലൊസ് റോമിൽ ഒരു തടവുകാരനായി പോകാൻ ആഗ്രഹിച്ചില്ല;[39] മറിച്ച്, അവൻ സ്വതന്ത്രനായി റോമയിലേക്കു പോകുവാനാണ് ആഗ്രഹിച്ചത് – തന്റെ ആഗ്രഹമനുസരിച്ച് എവിടെയും പോകാവുന്ന സ്ഥിതി, സ്വതന്ത്രമായി എവിടെയെല്ലാം പ്രസംഗിക്കാൻ പറ്റുമോ അവിടെയെല്ലാം പോകാമല്ലൊ.[40] രണ്ടു വർഷം ഫേലിക്സ് അവനെ തടവിൽ വെച്ചിരുന്നപ്പോൾ, ഏതു സമയവും അവനെ മോചിപ്പിച്ചേക്കാമെന്ന് അവൻ കരുതി. അവനെ മോചിപ്പിക്കാതെ ഫേലിക്സ് പോയപ്പോൾ, പൗലൊസിന്റെ നേരെ ഒരു വഴി അടഞ്ഞു.[41]

ദേശാധിപതി സ്ഥാനം ഫെസ്തൊസിനു ലഭിച്ചപ്പോൾ – യെഹൂദന്മാരുടെ സൂത്രങ്ങളെയോ ക്രിസ്ത്യാനിത്വത്തിന്റെ പുകഴ്ച്ചയെയോ അറിയാത്ത മനുഷ്യൻ – മറ്റു വാതിലുകളും അടയുന്നു. അവസാനം, അവനെ യെരുശലേമിലേക്കു അയക്കുമെന്ന തീരുമാനത്തിലെത്തിയപ്പോൾ, കൈസരെ അഭയം ചൊല്ലുന്ന വഴി മാത്രം തുറന്നതായി ശേഷിച്ചിരുന്നുള്ളു: അതു തടയുന്നതിനു മുൻപു പൗലൊസ് അതിൽ കൂടെ കടക്കുന്നു.

പൗലൊസ് കൈസരെ അഭയം ചൊല്ലിയപ്പോൾ പൗലൊസിനു തെറ്റു പറ്റിയോ? എല്ലാം, ഫെസ്തൊസിനോട് അഗ്രിപ്പാ രാജാവു പിന്നെ പറഞ്ഞില്ലേ, "കൈസരെ അഭയം ചൊല്ലിയില്ലായിരുന്നെങ്കിൽ പൗലൊസിനെ വിട്ടയപ്പാൻ കഴിയുമായിരുന്നു" (26:32)? അതേ, അഗ്രിപ്പാവ് ആ പ്രസ്താവന, പിന്നീടാണ് നടത്തിയത് (25:13, 14).[42] തന്റെ അപേക്ഷയാൽ ദേശാധിപതിയുടെ പദ്ധതികൾ തടഞ്ഞില്ലായിരുന്നെങ്കിൽ, അഗ്രിപ്പാവും ബേർണിക്യയും വരുന്നതിനു മുൻപു ലൂക്കൊസ് അവന്റെ മരണത്തെക്കുറിച്ചു വായിക്കുമായിരുന്നു.[43]

ഒരിക്കൽകൂടെ ദൈവത്തിന്റെ കരുതലുള്ള കരങ്ങൾ നമുക്കു കാണാൻ കഴിയുന്നു: കൈസരെ അഭയം ചൊല്ലിയതുകൊണ്ട്, പൗലൊസിനു അഗ്രിപ്പാ രാജാവിനോട് പ്രസംഗിക്കുവാൻ അവസരം ലഭിച്ചു (9:15;

26:1). കൈസരെ അഭയം ചൊല്ലിയതുകൊണ്ട്, രാജ്യം വിട്ടുപോകുന്നതു വരെ റോമാക്കാരുടെ സുരക്ഷാ വലയത്തിലായിരുന്നു പൗലൊസ് (25:21 നോക്കുക). കൈസരെ അഭയം ചൊല്ലിയതുകൊണ്ട്, പിന്നീട് പൗലൊസിനു കൈസരുടെ രാജധാനിയിൽ സുവിശേഷത്തിന്റെ സ്വാധീനം എത്തിക്കാൻ കഴിഞ്ഞു (പ്രവൃത്തികൾ 9:15; ഫിലിപ്പിയർ 4:22). റോമയിലേക്കു അപേക്ഷിക്കയാൽ, പൗലൊസിനു നീറോ ചക്രവർത്തിയോടു പ്രസംഗിക്കാൻ കഴിഞ്ഞു (പ്രവൃത്തികൾ 27:24). കൈസരെ അഭയം ചൊല്ലുവാൻ പൗലൊസിനെ ദൈവം ആയിരിക്കാം "നിർബ്ബന്ധിച്ചത്" പൗലൊസ് കൈസരെ അഭയം ചൊല്ലിയതുകൊണ്ട് (28:19), ചക്രവർത്തിയുടെ കോടതിമുമ്പാകെ ക്രിസ്ത്യാനിത്വം നിയമപരമായി അവതരിപ്പിക്കാൻ കഴിഞ്ഞു.

### ദൈവം നമ്മെ സംരക്ഷിക്കുന്നു

ഈ കഥയിൽ ധാരാളം ഗുണപാഠങ്ങൾ നമുക്ക് ഉണ്ട്, എന്നാൽ ഒന്നു ഞാൻ ഊന്നി പറയാൻ ആഗ്രഹിക്കുന്നതു ദൈവം തന്റെ വിശുദ്ധന്മാരെ അത്ഭുതകരമായി സംരക്ഷിക്കുന്നു എന്നതാണ്. മുമ്പ്, ഞാൻ 1 കൊരിന്ത്യർ 10:13 സൂചിപ്പിക്കയുണ്ടായി. ആ വാക്യം ഇങ്ങനെ വായിക്കുന്നു:

> മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ, നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു, പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഒരുക്കും.[44]

പരീക്ഷണങ്ങളെക്കുറിച്ചു – പൗലൊസ് വളരെയധികം പറഞ്ഞിട്ടുണ്ട് – ഈ വാക്യത്തിൽ പരിശോധനകളെയും: കുഴപ്പങ്ങൾ എല്ലാവർക്കും വരും; ആരെയും അത് ഒഴിച്ചു നിർത്തുന്നില്ല. നമ്മുടെ കുഴപ്പങ്ങൾ മറ്റുള്ളവരുടേത് പോലെ ആകണമെന്നില്ല; കഴിഞ്ഞ കാലത്തിൽ നമ്മുടെ ഇതേ പ്രശ്നങ്ങൾ മറ്റുള്ളവർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ഏറ്റവും മുഖ്യമായി, കുഴപ്പങ്ങൾ വരുമ്പോൾ, ക്രിസ്ത്യാനികൾക്കു ദൈവം നിയന്ത്രിക്കുമെന്നതിൽ ആശ്വസിക്കാം! നമ്മുടെ പഠനത്തിൽ ഇതിനുള്ള തെളിവ് വീണ്ടും വീണ്ടും നാം കണ്ടതാണ്; പൗലൊസിനെ ദൈവം ശ്രദ്ധയോടെ കരുതി എന്നതു നമുക്കു നിഷേധിക്കാനാവില്ല. "തടവിലടക്കലും, ദുരാഗ്രഹവും, ദുഷിച്ച രാഷ്ട്രീയ ലക്ഷ്യങ്ങളും പകയും ... വിശ്വാസത്താൽ തന്റെ ഉദ്ദേശങ്ങൾ നിറവേറ്റുവാൻ യോജിച്ചവരെ ... ദൈവം ഉപയോഗിച്ചതായി" നാം കണ്ടു.[45]

പരീക്ഷണങ്ങളെ സംബന്ധിച്ച് പൗലൊസ് രണ്ടു വാഗ്ദാനങ്ങൾ 1 കൊരിന്ത്യർ 10:13–ൽ നല്കിയിട്ടുണ്ട്: ഒന്ന്, ദൈവം പരീക്ഷണങ്ങളെ അനുവദിക്കുക മാത്രമല്ല; അവൻ അവയെ പരിമിതപ്പെടുത്തും:[46] "ദൈവം വിശ്വസ്തൻ, നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ [പരിശോധന] നേരിടുവാൻ സമ്മതിക്കയില്ല." ദൈവത്തിനു നിങ്ങളുടെ ബലവും ബലഹീനതയും അറിയാം, "നിങ്ങൾക്കു കഴിയുന്നതിന് അപ്പുറമായി അവൻ

നിങ്ങളെ പരീക്ഷിക്കയില്ല" (ന്യൂ സെഞ്ചുറി വെർഷൻ).

ഒരു ക്രിസ്ത്യാനി തന്റെ പാപത്തെ ന്യായീകരിച്ചുകൊണ്ട്, "എനിക്ക് ആ പ്രത്യേക സാഹചര്യത്തിൽ അങ്ങനെ ചെയ്യേണ്ടിവന്നു" എന്നു പറയുന്നതു കേട്ടിട്ടുണ്ടോ? ദൈവത്തിന്റെ വിശ്വസ്തതയെ പ്രതിഫലിപ്പിക്കാത്ത ഒരു പ്രസ്താവനയാണത്! ആ വ്യക്തിക്കു നേരിട്ട പരീക്ഷണത്തെ "അതിജീവിക്കാൻ" *കഴിഞ്ഞില്ലെങ്കിൽ,* ദൈവം അവനു സഹിക്കാവുന്നതിനപ്പുറമായി പരീക്ഷിച്ചു എന്നു വരുന്നു – ദൈവം വിശ്വസ്തനല്ല എന്നും കരുതുന്നു! സത്യം എന്തെന്നാൽ, "നാം അതിജീവിക്കുന്നില്ലെങ്കിൽ," അതു നാം "അതിജീവിക്കാൻ" *ആഗ്രഹിക്കാ*ത്തതു കൊണ്ടാണ്, അല്ലാതെ നമുക്കു "അതിജീവിക്കാൻ" *കഴിയാത്തതു*കൊണ്ടല്ല! നമ്മിൽ അധികം പേർക്കും ഉണ്ടായിട്ടില്ലാത്ത പരീക്ഷണങ്ങൾ പൗലൊസിന് ഉണ്ടായിട്ടുണ്ട്, പക്ഷേ അവൻ ഒരിക്കലും, "കർത്താവേ, എനിക്കു നീ താങ്ങാൻ പറ്റുന്നതിനേക്കാൾ ഭാരം എനിക്കു നല്കി" എന്ന് പറഞ്ഞില്ല!

രണ്ടാമത്തെ വാഗ്ദാനം 25-ാം അദ്ധ്യായത്തിൽ വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്: ദൈവം നമ്മുടെ പ്രശ്നങ്ങളെ പരിമിതപ്പെടുത്തുക മാത്രമല്ല, അവയെ തരണം ചെയ്തു വിജയിക്കുവാനുള്ള വഴിയും ദൈവം ഒരുക്കുന്നു: "പരീക്ഷണങ്ങളോടു കൂടെ [അവൻ] പോക്കു വഴിയും ഒരുക്കും, നിങ്ങൾക്കു സഹിപ്പാൻ കഴിയുന്നതാണ്." "പോക്കുവഴി" എന്നതു ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരിക അർത്ഥം "പുറത്തു കടക്കുക" എന്നാണ്. ഒന്നാം നൂറ്റാണ്ടിലെ പടയാളികൾ ഉപയോഗിച്ച വാക്കാണത് (തോൽവിയല്ലാതെ മറ്റുമാർഗ്ഗമില്ല) എന്ന സമയം, ശത്രുക്കളാൽ ചുറ്റപ്പെട്ടിരിക്കുമ്പോൾ പെട്ടെന്ന് ശത്രുക്കൾക്കിടയിൽ ഒരു വിള്ളൽ ഉണ്ടാക്കുകയും, അവർ രക്ഷപ്പെട്ട് പുറത്തു കടക്കയും ചെയ്യുന്നു!

മൂന്നു ഘടകങ്ങളെ ആശ്രയിച്ചാണ് "പോക്കുവഴി" യുടെ സ്വഭാവം. ഒന്ന് കുഴപ്പത്തിന്റെ സ്വഭാവം. നാം നേരിടുന്ന കുഴപ്പങ്ങളെ ആശ്രയിച്ചാണ് രക്ഷപ്പെടാനുള്ള വഴി തിരക്കുന്നത്. യെരുശലേമിൽ പൗലൊസിനെ കൊല്ലുവാനുള്ള ഗൂഢാലോചനയിൽ നിന്നു "പൗലൊസിനെ രക്ഷപ്പെടുത്തിയത്" ആ വിവരം റോമൻ സഹസ്രാധിപതിയെ ധരിപ്പിക്കുന്നതു വഴിയായിരുന്നു. അവനെ യെരുശലേമിലേക്കു മടക്കി അയക്കുന്നതിൽ നിന്നു അവനെ "രക്ഷപ്പെടുത്തിയത്" കൈസരെ അഭയം ചൊല്ലിയതായിരുന്നു. രണ്ടാമത്, കുഴപ്പത്തിലാകുന്നവർക്കുള്ള കഴിവു ദൈവത്തിനറിയാം. അവൻ നമുക്കു യോജിക്കുന്ന വിധത്തിൽ പ്രശ്നങ്ങളെയും പരിഹാരങ്ങളെയും ഒരുക്കും.[47] പൗലൊസിന്റെ "രക്ഷപ്പെടൽ" എനിക്കു തുറന്നിട്ടിരിക്കയില്ല; അവൻ ഒരു റോമാ പൗരനായിരുന്നു, ഞാൻ അല്ലല്ലൊ. മൂന്ന്, "രക്ഷപ്പെടൽ," കുഴപ്പത്തിലായിരിക്കുന്ന ആളിൽ ദൈവത്തിന്റെ ഉദ്ദേശവും പദ്ധതിയും അനുസരിച്ചിരിക്കും. കെജെവിയിൽ "രക്ഷപ്പെടുവാനുള്ള വഴി" എന്നാണ്, എന്നാൽ എൻ എ.എസ്. ബിയിൽ ആണ് "*ദ* വെ ഓഫ് എസ്കേപ്പ്" ശരിയായ വാക്ക് – മറ്റൊരു വാക്കിൽ പറഞ്ഞാൽ, പോക്കുവഴി ദൈവ നിശ്ചയപ്രകാരമാണ് എന്നു സ്പഷ്ടം.

നാം കുഴപ്പത്താൽ ഞെരുങ്ങുമ്പോൾ, ദൈവത്തിന്റെ "പോക്കുവഴി" നോക്കുകയില്ല. പലപ്പോഴും, അതായിരിക്കയില്ല *നാം* ആസൂത്രണം

ചെയ്തതും, *നാം* ആഗ്രഹിച്ചതും. കൈസര്യയിൽ, പൗലൊസ് ആഗ്രഹിച്ചതല്ല "ദൈവം അവനു പോക്കുവഴി" ഒരുക്കിയതു; പൗലൊസ് ആഗ്രഹിച്ചതു ഒരു തടവുകാരനയിട്ടല്ല, സ്വതന്ത്ര മനുഷ്യനായി റോമയിലേക്കു പോകുവാനായിരുന്നു. എന്നിരുന്നാലും, അവൻ കൈസരെ അഭയം ചൊല്ലിയതു *ദൈവത്തിന്റെ* "പോക്കുവഴിയിലായി," അതു പൗലൊസ് ആദ്യം തിരഞ്ഞെടുത്താലും ഇല്ലെങ്കിലും. അങ്ങനെയാണെങ്കിലും, നാം കുഴപ്പങ്ങളാൽ ഭയപ്പെടുമ്പോൾ, നാം അതിൽ നിന്നു രക്ഷപ്പെടുവാൻ ദൈവത്തിന്റെ "പോക്കുവഴിയിൽ" ആശ്രയിക്കും. ദൈവം, എങ്ങനെയായാലും, നാം ശ്രേഷ്ഠജനം ആകുന്നതിനാണ് ഈ പരീക്ഷണങ്ങളെ അനുവദിക്കുന്നത് (യാക്കോബ് 1:2-4). അതിൽ, ദൈവത്തിന്റെ "പോക്കുവഴി" നാം സ്വീകരിക്കുന്നതിനാൽ പ്രശ്നങ്ങളോടുകൂടി ജീവിക്കാൻ നാം പഠിക്കുകയും നമ്മുടെ ശക്തിക്കു നാം ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യും![48]

രണ്ടു സത്യങ്ങൾ നിങ്ങളുടെ മനസ്സിൽ സൂക്ഷിച്ചാൽ; പിന്നെ പരീക്ഷണങ്ങൾ വരുമ്പോൾ, നിങ്ങൾ തയ്യാറാകും: (1) നാം നോക്കിയാൽ മാത്രം – പോക്കുവഴി എല്ലായ്പ്പോഴും ലഭ്യമാണ്. ദൈവം അങ്ങനെ വാഗ്ദാനം ചെയ്തിട്ടുണ്ട്! അവൻ പൗലൊസിനെ സംരക്ഷിച്ചു; അവൻ നമ്മെയും കരുതും! (2) നാം അവകാശപ്പെട്ടാൽ മാത്രം – വിജയം എല്ലായ്പ്പോഴും സാധ്യമാണ്. തുറന്ന പുറം വാതിലിൽ കൂടെ മാത്രം പോകണമെന്നു ദൈവം ശഠിക്കുകയില്ല. നാം ആണ് അതു പ്രയോജനപ്പെടുത്തേണ്ടത്. നമ്മുടെ ജീവിതത്തിൽ താഴ്മയോടെ കീഴ്പ്പെട്ട് ദൈവത്തിനു പ്രവർത്തിപ്പാൻ നാം അനുവദിച്ചാൽ, പരീക്ഷണങ്ങൾക്കു ഒരിക്കലും നമ്മിൽ മെച്ചപ്പെട്ട ഒന്നും ചെയ്യാൻ കഴിയുകയില്ല!

## ഉപസംഹാരം

ഫേലിക്സിന്റേയും ഫെസ്തൊസിന്റേയും സംഭവങ്ങളിലെ അവസാന വ്യത്യാസം നമുക്ക് ഒന്നു നോക്കാം. പൗലൊസ് ഫേലിക്സിനോടു പ്രസംഗിച്ചപ്പോൾ, "ഭയപ്പെട്ടു" "വിറെച്ചു" (24:25; എൻ.എ.എസ് ബി, കെജെവി). പൗലൊസ് ഫെസ്തൊസിനോടു പ്രസംഗിച്ചപ്പോൾ, ദേശാധിപതി "നഷ്ടപ്പെട്ടവനായിരുന്നു" (25:20) അവൻ വിചാരിച്ചതു "യുക്തമല്ല" എന്നാണ് (25:27). പിന്നീട് അവൻ പറഞ്ഞു, "പൗലൊസേ, വിദ്യാബഹുത്വത്താൽ നിനക്കു ഭ്രാന്തു പിടിച്ചിരിക്കുന്നു!" (26:24).

ഫേലിക്സിന്റെ സംഭവത്തിൽ ചിത്രീകരിച്ചിരിക്കുന്നതു സ്പർശിക്കാവുന്ന ഹൃദയമുള്ളവനാണെങ്കിലും ദൈവത്തിങ്കലേക്കു തിരിയുവാനുള്ള ഇഛാശക്തിയില്ലാത്ത ദു:ഖകരമായ ഒരു ഹൃദയത്തെയാണ്. ഫെസ്തൊസിന്റെ സംഭവം ചിത്രീകരിച്ചിരിക്കുന്നതു തൊടുവാൻ പോലും പറ്റാത്ത ദു:ഖകരമായ ഹൃദയമുള്ള മനുഷ്യൻ അകൃത്യത്താലും, അജ്ഞതയാലും, ഒരാളുടെ ഹൃദയം കഠിനപ്പെട്ടാൽ അയാൾ വിചാരിക്കും സുവിശേഷ പ്രസംഗം വിദ്യാബഹുത്വത്താലുള്ള ഭ്രാന്താണെന്നു പറയും (എഫെസ്യർ 4:19; എബ്രായർ 3:13; 1 കൊരിന്ത്യർ 2:14).

നിങ്ങൾ ഫേലിക്സിനേയോ ഫെസ്തൊസിനെയോ പോലെ ആയിരിക്കരുതെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ ഹൃദയം ഇപ്പോഴും

മൃദുലമാണോ? നിങ്ങൾ ദൈവത്തിനു കീഴ്പ്പെടേണ്ടതാണെന്നു തിരിച്ചറിഞ്ഞാൽ, മടികൂടാതെ നിങ്ങൾ പ്രതികരിക്കുമോ? നിങ്ങളുടെ നിത്യമായ ലക്ഷ്യസ്ഥാനം നിങ്ങളിൽ തന്നെയായിരിക്കുന്നതു!

## പ്രസംഗ കുറിപ്പുകൾ

25-ാം അദ്ധ്യായത്തെക്കുറിച്ചു ഒരൊറ്റ പ്രസംഗം നിങ്ങൾ നടത്തുകയാണെങ്കിൽ, *വിയേർസ്ബേയുടെ എക്സ്പോസിറ്ററി ഔട്ട്ലൈൻ ഓൺ ദ ന്യൂ ടെസ്റ്റമെന്റ്*[49] മൂന്നു മുഖ്യ പോയിന്റുകൾ നല്കുന്നു: (1) പൗലൊസ് കൈസരെ അഭയം ചൊല്ലുന്നു (വാക്യങ്ങൾ 1-12); (2) പൗലൊസ് ഫെസ്തൊസിനെ പരിഭ്രാന്തിയിലാക്കുന്നു (വാക്യങ്ങൾ 13-22); (3) പൗലൊസ് രാജാവിനെ നേരിടുന്നു (വാക്യങ്ങൾ 23-27).

ഒരു പ്രസംഗത്തിൽ നിങ്ങൾ 25 ഉം 26 ഉം അദ്ധ്യായങ്ങൾ ഉൾപ്പെടുത്തുകയാണെങ്കിൽ, "പ്രതിരോധകനായ പൗലൊസ്" എന്നതിൽ ഈ രീതിയിൽ വിഭജിക്കയും ചെയ്യാം: (1) നിരപ്പ്: ഫെസ്തൊസും യെഹൂദ പ്രമാണിമാരും (25:1-12); (2) കൂടിയാലോചന: ഫെസ്തൊസും അഗ്രിപ്പാ രാജാവും (25:13-27); (3) അഭിമുഖീകരിക്കൽ: ഫെസ്തൊസും, അഗ്രിപ്പാ രാജാവും, പൗലൊസും (26:1-32).[50]

കുറിപ്പുകൾ

[1]അമേരിക്കയിൽ ടിവി പരിപാടികൾ പുനഃപ്രക്ഷേപണം ചെയ്യുന്നതിനെയാണ് "റീറൺ" എന്നു പറയുന്നത്. മറ്റു കാര്യങ്ങളെ ആവർത്തിക്കുന്നതിനെ സൂചിപ്പി (ക്കുന്നതിനും) ഉപയോഗിക്കുന്നുണ്ട്. [2]വ്യക്തമായ ഒഴികഴിവ് ബൈബിൾ ആണ്, അതു നാം ആവർത്തിച്ച് വായിച്ച് മനസ്സിലാക്കുകയും മുഴുവനായും പ്രശംസിക്കയും ചെയ്യും. [3]അയാളെ പിന്തുടർന്നു വന്നതു അൽബീനസ് ആയിരുന്നു, അയാൾ ഒരു ദുഷ്ടമനുഷ്യനായിരുന്നു. യെഹൂദ്യയിലെ അൽബീനസിന്റെ ഭരണം ശത്രുത വർദ്ധിപ്പിക്കയും എ.ഡി 66-ൽ യെഹൂദ വിപ്ലവത്തിനു ഇടയാക്കുകയും ചെയ്തു. [4]അവരായിരുന്നു ഫേലിക്സിനെ ഔദ്യോഗികസ്ഥാനത്തു നിന്നു നീക്കിയതു എന്നോർമ്മിക്കുക! [5]"പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ "സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ" എന്നതിന്റെ പ്രവൃത്തികൾ 4:6 ന്റെ നോട്ടുകൾ നോക്കുക. [6]"വെള്ളതേച്ച ചുവരുകൾ" കാര്യാലയത്തിൽ നിന്നു "ദൈവത്താൽ അടിച്ചതാണ്." എങ്ങനെയായാലും, അവനു അപ്പോഴും വേണ്ട സ്വാധീനം ചെലുത്താൻ കഴിയുമായിരുന്നു, അവൻ ഒരു പക്ഷെ "മഹാപുരോഹിതന്മാരുടെ" ഇടയിൽ നിന്നായിരിക്കാം വന്നതു. പിന്നീട് അവൻ മരണത്തിനു "അടിപെട്ടു" (ഈ പുസ്തകത്തിൽ ഉള്ള "യെരുശലേമിൽ തള്ളപ്പെട്ടു" എന്ന പാഠത്തിലെ പ്രവൃത്തികൾ 23:2, 3 ന്റെ നോട്ടുകൾ നോക്കുക). [7]ഇസ്മായേൽ പ്രവൃത്തികളുടെ പുസ്തകത്തിൽ പറഞ്ഞിട്ടില്ല; ഈ വിവരം ചരിത്രകാരനായിരുന്ന ജോസെഫസിൽ നിന്നാണ്. [8]"എ സെന്റൻസ് ഓഫ് കണ്ടമ്നേഷൻ" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതു സൂചിപ്പിക്കുന്നത് "കുറ്റവാളിയായി കോടതി വിധിക്കപ്പെട്ടു" എന്നാണ് (സൈമൺ ജെ.കിസ്റ്റേമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമെന്റേറി എക്സ്പൊസിഷൻ ഓഫ് ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990], 875). [9]എന്തു സംഭവിച്ചു എന്നതു വിവരിക്കുമ്പോൾ ഫെസ്തൊസ് കഴിവതും

നന്നായി വെളിച്ചം വീശുന്നുവെന്നാണ് ഞാൻ തിരിച്ചറിയുന്നത്, എന്നാൽ ഞാൻ ഫെസ്തൊസിനെ വിശ്വസിക്കുവാൻ രണ്ടു കാരണങ്ങൾ ഉണ്ട്: (1) ദേശാധിപതിയുടെ വാക്കുകൾ ലൂക്കൊസിന്റെ ആദ്യ വിവരണവുമായി; യോജിക്കുന്ന വിധത്തിൽ, അനുബന്ധമാവുകയാണ്. (2) ഫെസ്തൊസ് വിവരിച്ച യെഹൂദന്മാരുടെ ആവശ്യം അവർക്കു പൗലൊസിനോടുള്ള സ്ഥിരമായ പക എടുത്തു കാണിക്കുന്നു. [10]വാക്യം 24-ൽ വെസ്റ്റേൺ ടെക്സ്റ്റ് ചേർക്കുന്നത് "ഒരു പ്രതിരോധവും കൂടാതെ ഞാൻ അവർക്കു ഏല്പിച്ചു കൊടുത്തു" എന്നാണ്.

[11]ഉദാഹരണത്തിനു, കെ.ജെ.വി നോക്കുക. എൻ എ എസ് ബി (*ചാരിറ്റി*) തർജ്ജിമചെയ്തിരിക്കുന്നതു "അനുകൂലം" എന്നാണ് പിന്നീട് നമ്മുടെ വേദഭാഗത്തിൽ (വാക്യം 9). [12]കിസ്റ്റെമേക്കർ, 862. [13]അവിശ്വസനീയ സമ്മർദ്ദമായിരുന്നു പുതിയ ഉദ്യോഗസ്ഥനിൽ ചെലുത്തിയത്! അവർ ഫെസ്തൊസിനു കൈക്കൂലി പോലും കൊടുത്തു എന്നു പറയപ്പെടുന്നുണ്ട്. ഫെസ്തൊസിന്റെ മുൻഗാമിം വാങ്ങുമായിരുന്നു (24:26), അവനും കൈക്കൂലി വാങ്ങുമെന്നു അവർ ഊഹിച്ചു. [14]മുൻപു പൗലൊസിനെ കൊല്ലുവാൻ പ്രതിജ്ഞ എടുത്തിരുന്ന എല്ലാവരും അല്ലെങ്കിൽ കുറെപ്പേരെങ്കിലും അവരിൽ ഉണ്ടായിരുന്നേക്കാം (23:12, 13). [15]ക്ലൗദ്യൊസ് ലൂസിയാസ് നല്കിയ പോലെ വലിയ അകമ്പടി ഒന്നും നല്കുവാൻ ഫെസ്തൊസ് തയ്യാറായില്ല (23:23). [16]23-ാം അദ്ധ്യായത്തിലെ ഗൂഢാലോചന ആദ്യം നാല്പതുപേരിൽ തുടങ്ങിയതാണ്; പിന്നെ അവരുടെ പദ്ധതി ന്യായാധിപസംഘത്തിലെത്തിച്ചു. ഇത്തവണത്തെ, നിന്ദ്യമായ ഗൂഢാലോചന ന്യായാധിപസംഘത്തിൽ നിന്നാണ് തുടങ്ങുന്നത്. [17]അപ്പോഴും യെരുശലേമിൽ സഹസ്രാധിപതിയായി ലൂസിയാസ് ആയിരുന്നെങ്കിൽ, രണ്ടു വർഷം മുൻപു പൗലൊസിനെതിരെ നടത്തിയ വധശ്രമം അവൻ ഫെസ്തൊസിനോടു പറയുമായിരുന്നു; പക്ഷെ ദേശാധിപതി ആ ഗൂഢാലോചന അറിഞ്ഞമട്ടില്ല. അറിഞ്ഞിരുന്നെങ്കിൽ, അവൻ തീർച്ചയായും അഗ്രിപ്പാവുമായുള്ള വ്യക്തി സംഭാഷണത്തിൽ സൂചിപ്പിക്കുമായിരുന്നു (വാക്യങ്ങൾ 14-21). [18]അവർ ഒരു പുതിയ ഭരണാധികാരിയുടെ പരിചയക്കുറവ് മുതലെടുക്കാൻ ശ്രമിക്കയും അദ്ദേഹത്തിന്റെ കാലത്തിനു ഒരു നല്ല തുടക്കം ആകട്ടെ എന്നും കരുതി. പ്രവൃത്തികൾ 18-ൽ യെഹൂദന്മാരുടെ ഗല്ലിയോനോടുള്ള സമീപനവുമായി ഇതിനെ താരതമ്യം ചെയ്യുക. ("പ്രവൃത്തികൾ 4-ാം" ലക്കത്തിലെ 18:12 ന്റെ നോട്ടുകൾ നോക്കുക.) [19]ഉദ്ധരിച്ചത് ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ആക്സ്* (ആസ്റ്റിൻ, ടെക്സാസ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1976), 467. [20]കെജെവി, മറ്റൊരു പുസ്തകമാണ് എടുത്തത്, അതിൽ "പത്തിൽ അധികം" എന്നാണ്. "എട്ടിൽ അധികം അല്ലെങ്കിൽ പത്ത്" എന്നല്ല, എന്നാൽ ഈ വ്യത്യാസം അപ്രസക്തമാണ്.

[21]"ദ ട്രൈബൂണൽ" ആയിരുന്നു *ബേമാ*, അഥവാ ന്യായാസനം (കെജെവി നോക്കുക), റോമൻ അധികാരത്തിന്റെ അടയാളം. അതു രംഗസ്ഥലത്തിനകത്തായിരുന്നെങ്കിലും, *ബേമാ* സ്ഥിതി ചെയ്തിരുന്നതു ഒരു പക്ഷെ മുറ്റത്തായിരിക്കും ഇതു യോഹന്നാൻ 18:28 മായി താരതമ്യം ചെയ്യുക. [22]24:1 നോക്കുക. അവർ തെർത്തുല്ലൊസിനെ വാടകക്ക് എടുത്തിരുന്നെങ്കിൽ, അവർ തങ്ങളുടെ പണത്തിന്റെ വില നോക്കിയില്ല! [23]8-ാം വാക്യത്തിൽ പൗലൊസ് നല്കിയ മറുപടി നിമിത്തം നമുക്ക് ഇതറിയാം. ചുമത്തപ്പെട്ട കുറ്റങ്ങളുടെ വിശദീകരണത്തിനു, "അവർ അനുമാനിച്ചു" എന്ന പാഠത്തിലെ പ്രവൃത്തികൾ 21:28 ന്റെ നോട്ടും "പൗലൊസ് വിചാരണയിൽ" എന്ന പാഠത്തിലെ പ്രവർത്തികൾ 24:10-21 ന്റെ നോട്ടുകളും നോക്കുക. [24]ഈ രംഗത്തിന്റേയും 17:5-8 ന്റേയും സമാനതകൾ ശ്രദ്ധിക്കുക. [25]യെഹൂദന്മാർക്കു തങ്ങൾ ചുമത്തിയ കുറ്റങ്ങൾക്കു തെളിവില്ലാത്തതുകൊണ്ട്, പൗലൊസിനെ കുറ്റവാളിയാക്കുവാൻ ഉള്ള ഏകമാർഗ്ഗം അവൻ കുറ്റം സമ്മതിക്കുക എന്നാണ്. താൻ "കുറ്റക്കാരനല്ല" എന്ന് അവൻ അപേക്ഷിച്ചതിനാൽ, അവനെ ഉടനെ നിരപരാധി എന്നു ഫെസ്തൊസ് പ്രഖ്യാപിക്കണമായിരുന്നു. [26]"സീസർ" എന്നതു ആരംഭത്തിൽ *കൈസർ* തർജ്ജിമ ചെയ്തതാണ്. വാസ്തവത്തിൽ, "സീസർ" ജൂലിയസ് സീസറിന്റെ കുടുംബപ്പേരായിരുന്നു, പിന്നെ അതു റോമൻ ഭരണാധികാരികളുടെ പദവിയാ

ക്കപ്പെട്ടു. [27]"എംപറർ" എന്നതു ഗ്രീക്കുവാക്കായ *സെബാസ്തോസ്* തർജ്ജിമ ചെയ്തതാണ്, ഗ്രീക്ക് വാക്ക് "അഗസ്റ്റസ്" എന്ന ലാറ്റിൻ വാക്കിനോടു തുല്യമായാണ് തർജ്ജിമചെയ്തിരിക്കുന്നത് (കെജെവി നോക്കുക). "അഗസ്റ്റസ്" എന്നതു ഒരു പദവി ആയിരുന്നു അർത്ഥം "ദ മജെസ്റ്റിക്, ആവ് - ഇൻസ്പൈറിങ്ങ് വൺ." ഈ പദവി ചില റോമാ ചക്രവർത്തിമാർ സ്വീകരിച്ചിരുന്നു (ലൂക്കൊസ് 2:1 നോക്കുക). [28]"ലോർഡ്" എന്നതു *കുറിയോസ്* എന്ന ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തതാണ്. ഇതു ചക്രവർത്തിയെ സൂചിപ്പിച്ചു പറയുമ്പോൾ, അതു ദൈവികമായി ഉപയോഗിക്കും. (ഒരു ക്രിസ്ത്യാനിയെയോ യെഹൂദനെയോ അല്ല, റോമാ ചക്രവർത്തിയെയാണ് "ലോർഡ്" എന്നു വിളിച്ചിരുന്നത് എന്നോർക്കുക). ചില ചക്രവർത്തിമാർ ഈ പദവി നിരസിക്കയുണ്ടായി, എന്നാൽ ആനുകാലിക ചക്രവർത്തിയായിരുന്ന നീറോ, അതിൽ മഹത്വം കണ്ടെത്തി. പിന്നീട്, അനേകം ക്രിസ്ത്യാനികൾ അവനെ "ലോർഡ്" എന്നു വിളിക്കാൻ മടിച്ചതുകൊണ്ട് കഷ്ടപ്പെടുകയും രക്തസാക്ഷികളാവുകയും ചെയ്തിട്ടുണ്ട്. ഒരു ദൈവ പൈതലിനു, ഒരൊറ്റ "കർത്താവേയുള്ളു" (എഫെസ്യർ 4:5). [29]പൗലൊസ് റോമാ പൗരൻ ആയിരുന്നതുകൊണ്ട് ചില പ്രത്യേക അവകാശങ്ങൾ ഉണ്ടായിരുന്നു എന്നതു മറക്കരുത് അതു റോമിൽ അറിയിച്ചാൽ നിരപരാധിയായ റോമാ പൗരനെ ശിക്ഷിച്ചാൽ, ഫെസ്തൊസ് കഠിന ശിക്ഷക്കു പാത്രമാകും. [30]അമേരിക്കയിൽ (മറ്റു രാജ്യങ്ങളിലും), "ഇരട്ട ശിക്ഷക്കുള്ള" നിയമമുണ്ട്, അതു പറഞ്ഞത് ഒരാൾ ഒരു പ്രത്യേക കുറ്റത്തിൽ നിരപരാധി എന്നു കണ്ടാൽ, അയാളെ അതേ കുറ്റത്തിനു വിചാരണ ചെയ്യാവുന്നതല്ല. "*മൂന്നിരട്ടി* ശിക്ഷയുടെ" സംരക്ഷണത്തിൽ ഫെസ്തൊസ് വിശ്വസിച്ചിരുന്നില്ല എന്നു തോന്നുന്നു.

[31]ഏർനെസ്റ്റ് ഹെഞ്ചെൻ, ഉദ്ധരിച്ചത് ഐ. ഹോവാർഡ് മാർഷൽ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ടെൻഡെയിൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, ജെൻ. ഇഡി. ആർ. വിജി. ടാസ്ക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1980), 384. [32]പൗലൊസിന്റെ പ്രതികരണത്തിൽ നിന്നും ഇതു വ്യക്തമാണ്: "... ആർക്കും എന്നെ അവരുടെ [യെഹൂദന്മാരുടെ] ... കയ്യിൽ ഏല്പിക്കാൻ സാധ്യമല്ല" (വാക്യം 11). "ഇല്ല, നന്ദി; യെരുശലേമിലേക്കു പോകുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല" എന്നു, പറുവാനുള്ള തിരഞ്ഞെടുപ്പായിരുന്നു പൗലൊസിനു ലഭിച്ചതെങ്കിൽ, അവനു കൈസരെ അഭയം ചെയ്യേണ്ട ആവശ്യം തന്നെ വരികയില്ലായിരുന്നു (28:19 നോക്കുക). [33]ആരംഭത്തിൽ, ഒരു പൗരൻ ജനങ്ങളോടു അപേക്ഷിക്കുന്നു. പിന്നെ, അപേക്ഷിക്കുന്നതു, ദേശാധിപതിയെ ആളുകളെ പ്രതിനിധീകരിക്കുന്നവനായിരുന്നു. പിന്നെ, ഇതു രാജാവായിരുന്നു, ജനങ്ങളെ പ്രതിനിധീകരിക്കുന്നവൻ. [34]ഈ രണ്ടു ലാറ്റിൻ വാക്കുകൾക്കു തുല്യമായ വാക്കുകളാണ്, മൂലഗ്രന്ഥത്തിൽ ചിലപ്പോൾ ദീർഘമായ രൂപം ഉപയോഗിച്ചിട്ടുണ്ട്: *സിവ്സ് റോമനസ്സം, പ്രൊവോകോ ആഡ് സീസറേം.* [35]സെനേക്കാ ഗല്ലിയോന്റെ സഹോദരനായിരുന്നു. "പ്രവൃത്തികൾ 4-൧൦" ലക്കത്തിലെ പ്രവൃത്തികൾ 18:12 ന്റെ നോട്ടുകൾ നോക്കുക. [36]എഫ്. എഫ്. ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഇ.ഡി, ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988), 454. എ.ഡി 64/65 ൽ, നീറോ ക്രിസ്ത്യാനികളെ ഉപദ്രവിക്കാൻ തുടങ്ങി. [37]ഗ്രീക്കിൽ "ദ കൗൺസിൽ" എന്നു മാത്രമെയുള്ളു (കെജെവി നോക്കുക). ഇതിനെ യെഹൂദ ന്യായാധിപ സഭയായി തെറ്റിദ്ധരിക്കുന്നത് ഇവിടത്തെ കൗൺസിൽ ദേശാധിപതിയുടെ ഉപദേശക സമിതിയാണ്. ഒരിടത്തും വിദഗദ്ധനായ മേധാവി ഇല്ലാത്തതുകൊണ്ട്, ("കാബിനെറ്റിന്") വിദഗ്ദരായ ഉപദേശക ബോർഡ് ഉണ്ടാകും. [38]28:19 ശ്രദ്ധിക്കുക, പൗലൊസ് അവിടെ പറഞ്ഞു, "എനിക്കു കൈസരെ അഭയം *ചൊല്ലേണ്ടി* വന്നു" (എംഫസിസ് മൈൻ). [39]ഫിലിപ്പിയർ 1:12-17 അനുസരിച്ചു, പൗലൊസിന്റെ തടവിനെക്കുറിച്ചു റോമയിലുണ്ടായിരുന്നവർക്കു സമ്മിശ്ര വികാരമായിരുന്നു ഉണ്ടായിരുന്നത്. അവനെ ചങ്ങല വെച്ചതിൽ ചിലർ ലജ്ജിക്കപ്പെട്ടു. [40]താൻ റോമായിലേക്കു പോകും എന്ന യേശുവിന്റെ വാഗ്ദാനം പൗലൊസ് പറഞ്ഞിരിക്കാം (23:11) അതിനർത്ഥം അവനെ മോചിപ്പിച്ച് യാത്ര ചെയ്യാൻ കഴിയുമ

ല്ലോ. പൗലൊസ് മുൻപു പരിശുദ്ധാത്മാവിന്റെ മുന്നറിയിച്ച് വ്യാഖ്യാനിക്കയുണ്ടായി (20:22-25); യേശുവിന്റെ വാഗ്ദാനം തെറ്റായി വ്യാഖ്യാനിക്കാനും കഴിയുമായിരുന്നു.

[41]പൗലൊസ് നിരപരാധിയായി കാണപ്പെട്ടതിന്നു പുറമെ, അവനെ വിട്ടയക്കേണ്ട തായിരുന്നു, ഫേലിക്സ് പാലസ്തീനിൽ നിന്നു മാറി പോയപ്പോൾ തന്നെ വിട്ടയക്കു മെന്ന് ഒരു പക്ഷെ പ്രതീക്ഷിച്ചു കാണും. പലപ്പോഴും, ഒരു ദേശാധിപതി മാറി പോകു മ്പോൾ, തന്റെ ഔദ്യോഗികമായ അവസാന പ്രവൃത്തികളിലൊന്ന്, തീരുമാനം എടു ക്കാത്ത തടവുകാരെ സംബന്ധിച്ച് തീരുമാനിക്കുക എന്നതാണ് (24:27 നോക്കുക). [42]ഇതു അഗ്രീപ്പാവിന്റെ വ്യക്തിപരമായ അഭിപ്രായമായിരുന്നു എന്നോർക്കുക, ഇതിനെ സംബ ന്ധിച്ച് കോടതി ഇടപെടലില്ല. [43]താമസിക്കാതെ നടപടി എടുക്കണമെന്ന വിശ്വാസക്കാര നായിരുന്നു ദേശാധിപതി (25:17). പൗലൊസിനെ യെരുശലേമിലേക്കു ഉടനെ മടക്കി അയക്കുന്നതിൽ അവനു സംശയമില്ലായിരുന്നു. പ്രവൃത്തികൾ 28:19 വെസ്റ്റേൺ ടെക്സ്റ്റിൽ പൗലൊസ് പറയുന്നത്, "ഞാൻ കൈസരെ അഭയം ചൊല്ലുവാൻ നിർബന്ധിതനായി, ... അങ്ങനെ എന്റെ പ്രാണനെ മരണത്തിൽ നിന്നു വിടുവിച്ചു" എന്നാണ് (പൗലൊസ് കൈസരെ അഭയം ചൊല്ലിയതിൽ അവനു തെറ്റു പറ്റിയില്ല എന്നു വിശ്വാസിക്കാൻ കാരണം, അവൻ സാധാരണ അവനെ കുറ്റം ചുമത്തിയവരെ നേരിട്ടതു ആത്മാവിനെ സംസാരിക്കുവാൻ അനുവദിച്ചുകൊണ്ടാണ് [മർക്കൊസ് 13:11]). [44]1 കൊരിന്ത്യർ 10:13 ലെ പരീക്ഷണം എന്നതിനു ഉപയോഗിച്ച ഗ്രീക്ക് വാക്ക്, *പെയിരാസ്മോസ്* എന്നാണ്, അതു പുതിയ നിയമത്തിൽ രണ്ടു വിധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതു 1 കൊരി ന്ത്യർ 10:13-ൽ "പരീക്ഷണം" എന്നതിനു ഉപയോഗിച്ചിരിക്കുന്നു, അതു യാക്കൊബ് 1:2-ൽ "ശോധന" എന്നതിനു ഉപയോഗിച്ചിരിക്കുന്നു. ഈ രണ്ടു ഉപയോഗങ്ങളും സന്ദർഭം അനുസരിച്ചു തീരുമാനിക്കണം. "പരീക്ഷണങ്ങൾ," തിന്മ ചെയ്യുന്നതിനുള്ള പ്രേരണ യാണ്, അത് എപ്പോഴും പിശാചിൽ നിന്നാണ് വരുന്നത് (യാക്കൊബ് 1:13) "ശോധന" കർത്താവിന്റെ പരിശോധനയിൽ നിന്നു വരാം. പക്ഷെ അതു എപ്പോഴും നമ്മുടെ വിശ്വാ സത്തെ ശക്തിപ്പെടുത്തുകയാണ്; അതു നമ്മെ നശിപ്പിക്കയില്ല; ഓരോ പരിശോധനയും നാം ശക്തരാക്കുന്നതിനുള്ള മുഖാന്തരമായാണ് വരുന്നത്. [45]എഡ്വാർട്ടൻ, *ദ ആക്ഷൻ ഓഫ് ദ ബുക്ക് ഓഫ് ആക്സ്* (ഡല്ലാസ്: ഗോസപെൽ ടീച്ചേഴ്സ് പബ്ലിക്കേഷൻസ്, 1977), 57. [46]ഇതിന്റെ ചിത്രീകരണത്തിന്, ഇയ്യോബിന്റെ ആദ്യത്തെ രണ്ടു അദ്ധ്യായങ്ങൾ നോക്കുക. ദൈവം ശക്തിപ്പെടുത്തുന്നതിന്നു, പരീക്ഷണങ്ങൾ അനുവദിക്കുന്നു. [47]താല്പ ര്യമുള്ള ഒരു ഉദാഹരണ ചിത്രീകരണമാണ്: യോസേഫ് ലൈംഗിക പരീക്ഷണത്തെ സംബ ന്ധിച്ചത്, ദൈവത്തിന്റെ "പോക്കുവഴി" ചിലർക്കു ശക്തി സംഭരിച്ചു എതിർക്കുന്നതി നാണ് - എന്നാൽ യോസേഫ് "ദൈവത്തിന്റെ പോക്കുവഴി" എന്ന ആ ശക്തി ഉപയോ ഗിച്ചത് ഓടി രക്ഷപ്പെടുവാനാണ് (ഉല്പത്തി 39:12)! [48]സദസ്സിലുള്ള ക്രിസ്ത്യാനികൾക്കു വെല്ലുവിളികൾ നേരിടുമ്പോൾ ഈ ഭാഗം വ്യക്തിപരമായി പ്രായോഗികമാക്കാം. ഉദാ ഹരണമായി, ഞങ്ങളുടെ സ്ഥലത്ത്, ഞാൻ ഈ പ്രായോഗികത ഉപയോഗിച്ചേക്കാം: "നിങ്ങൾക്കു ഒരു അസന്തുഷ്ട ദാമ്പത്യ ജീവിതമാണുള്ളതെങ്കിൽ, ദൈവം നിങ്ങൾക്കു നിങ്ങളുടെ 'ദാമ്പത്യം ജീവിതത്തിനു പുറത്തുകടക്കാനുള്ള വഴി' തരും - 'ദൈവത്തിന്റെ പോക്കുവഴി' യിൽ നിങ്ങളുടെ പങ്കാളിയെ സന്തോഷിപ്പിക്കുവാൻ നിങ്ങളാൽ ആവോളം ചെയ്യണം എന്നതും ഉൾപ്പെടുന്നു!" [49]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, *വിയെർസ്ബേ എക്സ്പോസിറ്ററി ഔട്ട് ലൈൻസ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്* (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1992). [50]വാരെൻ ഡബ്ലിയു വിയേർസ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 50.